**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – എടത്തിരുത്തി ഗ്രാമ പഞ്ചായത്ത് - ശ്രീ നാരായണ സ്പോർട്സ് ക്ലബ്ബ് - വോളിബോൾ ടൂർണമെന്റിന് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും സംഭാവന – യഥേഷ്ടാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 3266/2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 01/12/2016

---

പരാമർശം:- 1) ഇ.ടി. ടൈസൺ മാസ്റ്റർ എം എൽ എ യുടെ 08/11/2016 ലെ കത്ത്.

2) ജി.ഒ.(എം.എസ്) 58/06/തസ്വഭവ തീയതി: 16.02.2006.

**ഉത്തരവ്**

തൃശ്ശൂർ ജില്ല, എടത്തിരുത്തി ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ശ്രീനാരായണ സ്പോർട്സ് ക്ലബ് (SNSC) ന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 48-ാമത് വോളിബോൾ ടൂർണ്ണമെന്റിന്റെ സംഘാടന ചെലവുകൾക്ക് തൃശ്ശൂർ ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള അനുമതിയാണ് പരാമർശം (1) അപേക്ഷയിലെ ആവശ്യം.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ശ്രീനാരായണ സ്പോർട്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന 48-ാമത് വോളിബോൾ ടൂർണ്ണമെന്റിന്റെ സംഘാടന ചെലവുകൾക്കായി എടത്തിരുത്തി ഗ്രാമപഞ്ചായത്തിൽ നിന്ന് 10,000/- (പതിനായിരം) രൂപയും കൈപ്പമംഗലം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന കൈപ്പമംഗലം, പെരിഞ്ഞനം, മതിലകം, എസ്.എൻ. പുരം, എറിയാട്, എടവിലങ്ങ് എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 5,000/- (അയ്യായിരം) രൂപ വീതവും, തൃശ്ശൂർ ജില്ലയിലെ മറ്റു ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 2000/- (രണ്ടായിരം) രൂപ വീതവും അതാത് പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്ന് സംഭാവന നൽകുന്നതിന് അവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടും യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

എസ്.ഡി.സുനിൽകുമാർ,

ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ. (പകർപ്പ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്)

സെക്രട്ടറി, ശ്രീനാരായണ സ്പോർട്സ് ക്ലബ്ബ് (Reg. No. 355/85), ചെന്ത്രാപ്പിന്നി, എടത്തിരുത്തി, തൃശ്ശൂർ - 680687.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.